പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4756 | 28.06.2013 ൽ മറുപടിയ്ക്ക് |
|---|---|
| 'നിർഭയ' പദ്ധതി | |
| ചോദ്യം | ഉത്തരം |
| ശ്രീ.പി.കെ. ബഷീർ | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും<br>വകുപ്പു മന്ത്രി) |
| (എ) സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകളുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു ; വിശദാംശം ലഭ്യമാക്കുമോ ? | (എ) സ്ത്രീകളുടെ സമസ്ത പുരോഗതിയും ലക്ഷ്യം വച്ചുകൊണ്ട് ലിംഗപരമായ അസമത്വം ഒഴിവാക്കുന്നതിന് വേണ്ടി കോഴിക്കോട് വെള്ളിമാട്കുന്നിൽ സ്ഥാപിക്കുന്ന 'ജൻഡർ ജെൻഡർ പാർക്ക്' പദ്ധതിയും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിനും പീഡനത്തിനിരയായവരെ പുനരധിവസിപ്പിക്കുന്നതിനും അവരെ ബോധവൽക്കരിക്കുന്നതിനുമായുള്ള 'നിർഭയ' പദ്ധതിയും നിലവിൽ നടപ്പിലാക്കി വരുന്ന സ്ത്രീശാക്തീകരണ പദ്ധതികളാണ്. ഗാർഹികാതിക്രമങ്ങളിൽ നിന്നും വനിതകളെ സംരക്ഷിക്കുന്ന 2005 ലെ നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഷെൽട്ടർ ഹോമുകൾ പ്രവർത്തിക്കുന്നുണ്ട്. ഗാർഹികാതിക്രമങ്ങൾക്ക് ഇരയായവരെ സേവനദാതാക്കൾ വഴി സൗജന്യ നിയമസഹായവും, വനിതാക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളായവർക്ക് വിദ്യാഭ്യാസം, വിവാഹം, ചികിത്സാസഹായവും തുടങ്ങിയവയ്ക്കെല്ലാം സഹായവും നൽകിവരുന്നു. വിവാഹിതരായ അന്തേവാസികൾക്ക് സ്വയം തൊഴിലിനായി 25,000/- രൂപ ധനസഹായം നൽകി വരുന്നു. ബിപിഎൽ വിഭാഗത്തിൽപ്പെടുന്ന വനിതകൾ ഗൃഹനാഥരായവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി, മഹിളാമന്ദിരങ്ങളിലെ അന്തേവാസികൾക്ക് കമ്പ്യൂട്ടർ വിദ്യാഭ്യാസ പദ്ധതി, തൊഴിൽ പരിശീലന പദ്ധതി എന്നിവ നടത്തി വരുന്നു.<br>കൂടാതെ സ്ത്രീകൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ |

| | |
|---|---|
| | ആരംഭിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും സഹായം നൽകുന്നതിനായി വനിതാ വികസന കോർപ്പറേഷൻ മുഖാന്തിരം സ്വയം തൊഴിൽ വായ്പകളും നൽകി വരുന്നു. |
| (ബി) നിർഭയ പദ്ധതി സംസ്ഥാനത്ത് മുഴുവനായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ ആയത് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ? | (ബി) ഉണ്ട്. നിർഭയ പദ്ധതി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന കമ്മറ്റികൾ രൂപീകരിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്. (1) സംസ്ഥാനതല ഏകോപനസമിതി (2) സംസ്ഥാന എക്സിക്യൂട്ടീവ് കമ്മറ്റി (3) ജില്ലാ നിർഭയ കമ്മറ്റി (4) ഗ്രാമീണ/നഗരതല ജാഗ്രതാ സമിതി. കൂടാതെ ടി പദ്ധതി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മൂന്ന് അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് തീരുമാനമാവുകയും എറണാകുളത്ത് അതിലൊന്ന് നിലവിൽ വരികയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈംഗികാതിക്രമങ്ങൾക്ക് ഇരയായ സ്ത്രീകൾക്കും കുട്ടികൾക്കുമായി തിരുവനന്തപുരത്ത് നിർഭയ ഷെൽട്ടർ ഹോം പ്രവർത്തനമാരംഭിക്കുകയും എറണാകുളം, കോഴിക്കോട്, കാസർഗോഡ്, വയനാട്, പത്തനംതിട്ട ജില്ലകളിലും ഷെൽട്ടർ ഹോമുകൾ ഉടൻതന്നെ തുടങ്ങുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട് . കേരളം മുഴുവൻ പഞ്ചായത്തുതല ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുന്നതിന് നടപടികൾ എടുത്തു വരുന്നു. കൂടാതെ പീഡിതർക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന 'One Stop Crisis Cell' 14 ജില്ലാ ആശുപത്രികളിലും 6 താലൂക്ക് ആശുപത്രികളിലും ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ